ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ7/9288/2017/സിഇ/തസ്വഭവ  തീയതി: 17.07.2017

# സർക്കുലർ

വിഷയം:- തസ്വഭവ - എൽ.എ.സി-എ.ഡി.എസ് - 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1) ജി.ഒ (പി) നം. 86/17/ഫിൻ തീയതി 04.07.2017
2) ഈ ഓഫീസിന്റെ സർക്കുലർ നം. ഇ7/9288/17/സിഇ/തസ്വഭവ

സൂചന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ബഹു. എം..എൽ.എ മാർ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രസ്തുത പ്രവൃത്തികളുടെ മേൽ നോട്ടം വഹിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതികളുടെ ചെലവുകൾ 5475-00-800-91 (NP) നിയോജക മണ്ഡല ആസ്തി വികസന പദ്ധതി എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം വരെ ഭരണാനുമതി ലഭ്യമായ നിർമ്മാണ പ്രവൃത്തികളുടെ തുക ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ഓഫീസർ ആയ 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും നൽകേണ്ടതാണ് എന്ന് ധനകാര്യ വകുപ്പിൽ നിന്നും അറിയുന്നു.

സൂചന (2) ലെ സർക്കുലർ പ്രകാരം 2018-19 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 4515-00-800-96-LAC-ADS എന്ന ശീർഷകത്തിൽ തുടർന്ന് എത്ര തുക വകയിരുത്തണമെന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് നൽകേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എല്ലാ കോർപ്പറേഷനുകളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/ എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/മുനിസിപ്പാലിറ്റികളിലെ ഡി.ഡി.ഒ മാരും തങ്ങളുടെ ജില്ലയിലുള്ള നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി സംബന്ധിച്ച് 2016-17 സാമ്പത്തിക വർഷാവസാനം വരെ ഭരണാനുമതി ലഭിച്ച് നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തിക്കും 2016-17 ൽ ഇനി ഭരണാനുമതി ലഭിക്കാനുള്ള പ്രോജക്ടുകൾ ഉണ്ടെങ്കിൽ ടി പ്രവൃത്തികൾക്കും കൂടി 4515-00-800-96-LAC-ADS **എന്ന ശീർഷകത്തിൽ തുടർന്നു ആവശ്യമായി വരുന്ന തുക നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം എത്രയെന്ന് കണക്കാക്കി 2018-19 ബഡ്ജറ്റിൽ ശുപാർശ ചെയ്യുന്നതിനുവേണ്ടി 24.07.2017 നകം താഴെ പറയുന്ന പ്രൊഫോർമയിൽ ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.**

<u>പ്രൊഫോർമ</u>

| | 2016-17 സാമ്പത്തിക വർഷാവസാനം വരെ ഭരണാനുമതി ലഭ്യമായതും ഭരണാനുമതി ലഭിക്കാനിരിക്കുന്നതും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതോ/ഇനി പൂർത്തീകരിക്കേണ്ടതുമായ നിർമ്മാണ പ്രവൃത്തികൾക്ക് ബില്ലു സമർപ്പിക്കാൻ ആവശ്യമായി വരുന്ന തുക | | | |
|---|---|---|---|---|
| | 2013-14 | 2014-15 | 2015-16 | 2016-17 |
| ആവശ്യമായി വരുന്ന തുക | | | | |

ഒപ്പ്

**ചീഫ് എൻജിനീയർ**

എല്ലാ കോർപ്പറേഷനുകളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും/
എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/
മുനിസിപ്പാലിറ്റികളിലെ ഡി.ഡി.ഒ മാർക്കും

അംഗീകാരത്തോടെ

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ